(സി) മുൻ സർക്കാരിന്റെ കാലത്ത് ഇവർക്കെതിരെയുള്ള കേസ്സുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആരുടെ ശിപാർശ പ്രകാരമാണ് പിൻവലിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് ഉദ്യോഗസ്ഥരിൽ 20 പേർ അഞ്ച് വിജിലൻസ് കേസ്സുകളിലായി ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ വി.സി. 04/14/കെ.എസ്.ഡി., വി.സി. 13/2015/കെ.എസ്.ഡി. എന്നീ വിജിലൻസ് കേസ്സുകളുടെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. വി.സി.04/2016/കെ.എസ്.ഡി. നമ്പർ കേസ് അന്വേഷണഘട്ടത്തിലാണ്. വി.സി. 10/2009/എൻ.ആർ.കെ.,വി.സി. 01/1999/എസ്.സി.കെ. എന്നീ കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോഴിക്കോട് വിജിലൻസ് കോടതികളിൽ വിചാരണയിലാണ്.

(ബി) മേൽപ്പറഞ്ഞ വിജിലൻസ് കേസ്സുകളിൽ നടപടി പൂർത്തിയാകാത്തതിനാൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കേസ്സുകൾ ഒന്നും പിൻവലിക്കപ്പെട്ടിട്ടില്ല.

**വിജിലൻസ് കേസ്സുകൾ**

140(150) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ എത്ര മന്ത്രിമാർക്കും അവരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങൾക്കും എതിരായി വിജിലൻസ് കേസ്സുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ 4 മന്ത്രിമാർക്കും ഒരു പേഴ്സണൽ സ്റ്റാഫംഗത്തിനും എതിരായി 7 വിജിലൻസ് കേസ്സുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വിജിലൻസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ**

141(151) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 - 2016 കാലയളവിൽ വിജിലൻസ് രജിസ്റ്റർ ചെയ്തതും എന്നാൽ അന്വേഷിക്കാത്തതുമായ കേസ്സുകൾ പരിശോധിച്ച് തുടരന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.